KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **20.06.2024**

# സാധ്യതകൾ പോലെ തന്നെ അനന്തമാണ് ജെനറേറ്റീവ് എഐ വെല്ലുവിളികളും- ഐബിഎം വിദഗ്ധൻ

**കൊച്ചി:** ജനറേറ്റീവ് എഐയുടെ സാധ്യതകൾ പോലെ അനന്തമാണ് അത് അധിഷ്ഠിതമായ ടെക് ഉത്പന്നങ്ങളുടെ രൂപീകരണത്തിലെ വെല്ലുവിളികളുമെന്ന് ഐബിഎം ഇന്ത്യ സോഫ്റ്റ്‌വെയർ ലാബിലെ സീനിയർ ടെക്നിക്കൽ സ്റ്റാഫ് മെമ്പർ ശ്രീനിവാസൻ മുത്തുസ്വാമി പറഞ്ഞു. സംസ്ഥാന സർക്കാർ ഐബിഎമ്മുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവിനു മുന്നോടിയായി കൊച്ചി ഇൻഫോപാർക്കിൽ കെഎസ്ഐഡിസി, ഐബിഎം എന്നിവർ ചേർന്ന് സംഘടിപ്പിച്ച ടെക് ടോക് പരമ്പരയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജെൻ എഐ യുടെ സാധ്യതകൾ പോലെ തന്നെ അതിന്റെ രൂപീകരണത്തിലെ വെല്ലുവിളികൾ ഏറെയാണ്. വിശ്വാസ്യതയാണ് ജെൻ എഐ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അതിനാൽ തന്നെ ഡെവലപ്പർമാർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതു തന്നെയെന്ന് അദ്ദേഹം പറഞ്ഞു. ചെറിയ പിഴവ് പോലും വലിയ തോതിൽ ദുരുപയോഗപ്പെടാനുള്ള സാധ്യതകളുണ്ട്. പ്രത്യേകിച്ചും ഓഹരി വിപണി പോലുള്ള മേഖലകളിൽ ഇന്ന് ജെൻഎഐയുടെ കടന്നുകയറ്റം നടക്കുകയാണ്. പരമ്പരാഗത രീതിയിൽ നിന്നും ഡെവലപ്പർമാർ മാറി ചിന്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഡാറ്റയിലെ തുറന്ന സമീപനം, പ്രത്യേക വിഭാഗത്തിനെ ലക്ഷ്യം വച്ചുള്ള മാതൃകകൾ, വിശ്വസനീയമായ മാതൃകകൾ, സമൂഹത്തെ ശാക്തീകരിക്കുന്ന മാതൃകകൾ എന്നിവയാണ് ജെൻ എഐ യിലൂടെ ഉപയോഗപ്പെടുത്തേണ്ടത്. ജനറേറ്റീവ് എ.ഐ എടുക്കുന്ന തീരുമാനങ്ങൾ ബിസിനസ് സമൂഹത്തിന് വേണ്ടത്ര വിശദീകരിക്കാനാവില്ലെന്നും വിശ്വാസത്തോടെ എ.ഐ അളക്കുന്നതിൽ അവർ വെല്ലുവിളി നേരിടുന്നുണ്ടെന്നും ശ്രീനിവാസൻ മുത്തുസ്വാമി ചൂണ്ടിക്കാട്ടി.

ജെൻ എഐയുടെ സുരക്ഷയും വിശ്വാസ്യതയും ധാർമ്മിക വശങ്ങളും സംബന്ധിച്ച് ബിസിനസ് സമൂഹത്തിന് ആശങ്കയുണ്ട്. എ.ഐ ഗവേണൻസ്, ഡാറ്റ സങ്കീർണത, ഉയർന്ന വില, പരിമിതമായ വൈദഗ്ദ്ധ്യം, എഐ മോഡൽ വികസന ഉപകരണങ്ങളുടെ അഭാവം എന്നിവയാണ് എ.ഐ പ്രയോജനപ്പെടുത്തുന്നതിൽ സ്ഥാപനങ്ങൾക്കുള്ള തടസ്സങ്ങളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ന് ജെൻ എഐയിൽ വലിയ അവസരങ്ങളാണ് വന്നു കൊണ്ടിരിക്കുന്നത്. നൂതനത്വം കൊണ്ട് ഇതിൽ മുന്നിലെത്താൻ ശ്രമിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എഐ മേഖലയിൽ ജോലി ചെയ്യുന്നവരെന്ന നിലയിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വ്യത്യസ്തമായ സമീപനം പുലർത്താനാവുമെന്ന് ഈ പ്രഭാഷണത്തിലൂടെ മനസിലാക്കാൻ കഴിഞ്ഞതായി സെഷനിൽ പങ്കെടുത്ത സോഫ്റ്റ്‌വെയർ എൻജിനീയർ ശ്യാമള ചൂണ്ടിക്കാട്ടി. ജെൻ എഐയിൽ ഐബിഎം എങ്ങിനെ ചിന്തിക്കുന്നുവെന്ന് ഈ സെഷനിലൂടെ അറിയാനായതായി എഎൽബി ടെക്നോളജീസിലെ ഹരികൃഷ്ണൻ വി കെ പറഞ്ഞു. വിപുലമായ വിഷയമായതിനാൽ കൂടുതൽ കാര്യങ്ങൾ ജെൻ എഐയെക്കുറിച്ച് അറിയാനുണ്ടെന്ന് സോഫ്റ്റ് വെയർ എൻജിനീയർ ഉണ്ണികൃഷ്ണൻ പറഞ്ഞു. അടുത്തമാസം നടക്കാനിരിക്കുന്ന ജെൻ എഐ കോൺക്ലേവിനെ പ്രതീക്ഷയോടെയാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചി ബോൾഗാട്ടിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇൻറർനാഷണൽ കൺവെൻഷൻ സെൻററിൽ ജൂലൈ 11, 12 തീയതികളിലാണ് അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ കോൺക്ലേവ് നടക്കുന്നത്. മുഖ്യമന്ത്രി, മന്ത്രിമാർ, ഐബിഎം അംഗങ്ങൾ, വ്യവസായ-ടെക്നോളജി പ്രമുഖർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റർമാർ തുടങ്ങിയവർ എ.ഐയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടും.

ജനറേറ്റീവ് എഐയുടെ ഭാവി രൂപപ്പെടുത്തുന്നതോടൊപ്പം നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനുമുള്ള കേരളത്തിന്റെ പ്രതിബദ്ധത പ്രകടമാക്കുന്നതായിരിക്കും ഈ സമ്മേളനം. ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന കോൺക്ലേവിലൂടെ കേരളത്തെ എ.ഐ ഡെസ്റ്റിനേഷനായി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

കൂടുതൽ വിവരങ്ങൾക്കും കോൺക്ലേവിൽ രജിസ്റ്റർ ചെയ്യുന്നതിനും https://www.ibm.com/in-en/events/gen-ai-conclave സന്ദർശിക്കുക.